# Siraj
# 30 July 2018
# Idukki; Idukki Dam,Flood

## ഇടുക്കി ഡാം: മുന്നൊരുക്കങ്ങൾ വിലയിരുത്തി

**ഇടുക്കി:** ഡാം തുറക്കേണ്ട സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട രക്ഷാ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും ഇടുക്കി താലൂക്ക് ഓഫീസൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ അവലോകനം ചെയ്തു. ഡാം തുറക്കുന്ന സാഹചര്യത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായശ്രമത്തിലൂടെ അടിയന്തര സാഹചര്യങ്ങളെ നേരിടണമെന്നും പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിക്കാൻ തീരുമാനിച്ചതായും അവലോകന യോഗത്തിൽ റോഷി അഗസ്റ്റിയൻ എം എൽ എ പറഞ്ഞു.

വാത്തിക്കുടി, വാഴത്തോപ്പ്, മരിയപുരം, കൊന്നത്തടി, വെള്ളത്തൂവൽ എന്നീ പഞ്ചായത്തുകളിൽ പഞ്ചായത്തുതല യോഗം ചേർന്ന് പൊതുജനങ്ങളുടെ സ്ഥിതിഗതികൾ പരിശോധിക്കണം, ആളുകളെ മാറ്റി പാർപ്പിക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും മാറ്റി പാർപ്പിക്കേണ്ടവരുടെ വീടുകളിൽ നേരിട്ടെത്തി നോട്ടീസ് നൽകണം തുടങ്ങിയ നിർദ്ദേശങ്ങളും യോഗത്തിൽ മുന്നോട്ടുവെച്ചു. ഡാം തുറക്കുന്നത് കാണാനായി ജില്ലയിലേക്ക് നിരവധി ആളുകൾ എത്തുന്നതിനാൽ അത്തരം സാഹചര്യത്തിൽ അപകടങ്ങളുണ്ടാകാതിരിക്കാൻ പോലീസ് കൂടുതൽ ജാഗ്രത പുലർത്തണമെന്നും എം എൽ എ പറഞ്ഞു.

അണക്കെട്ട് തുറക്കുന്നതിന് മുന്നോടിയായി ദേശീയ ദുരന്തനിവാരണസേനയും ഞായറാഴ്ച്ച രാത്രിയോടെ ഇടുക്കിയിൽ എത്തി. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ വരും ദിവസങ്ങളിൽ ദുരന്തനിവാരണസേന പരിശോധിക്കും. അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ 31 ന് അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തി ട്രയൽ നടത്താനും ഡാം സേഫ്റ്റി വിഭാഗം തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണത്തിന്റെ ഭാഗമായി 40 സെന്റീമീറ്ററാണ് ഉയർത്തുക.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ അണക്കെട്ട് തുറന്ന് വിടുമ്പോൾ വെള്ളം സുഗമമായി ഒഴുകുന്നതിനുള്ള സാഹചര്യം ഒരുക്കാൻവേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ ഇടുക്കി എ ഡി പി.ജി രാധാകൃഷ്ണൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഡാം തുറന്നുവിടുന്നതിനു മുമ്പുള്ള പരീക്ഷണ തുറക്കലിൽ ഏതൊക്കെ മേഖലകളിലേക്ക് വെള്ളം എത്താനുള്ള സാധ്യതകളുണ്ടെന്ന് പരിശോധിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ സ്വീകരിക്കുമെന്നും എ ഡി എം പറഞ്ഞു.

ജനപ്രതിനിധികൾ, പഞ്ചായത്ത്, വില്ലേജ്, കൃഷിഭവൻ, ആരോഗ്യവകുപ്പ്, പോലീസ്, ഫയർ, ആനിമിൽ ഹസ്ബെൻഡറി, കൃഷി, വൈദ്യുതി ബോർഡ്, പി.ഡബ്ല്യു.ഡി റോഡ്സ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

### ചെറുതോണി ഡാം: ട്രയൽറൺ തിയതി തീരുമാനിച്ചിട്ടില്ല

**ഇടുക്കി:** ചെറുതോണി ഡാമിന്റെ ഷട്ടർതുറക്കുന്നത് സംബന്ധിച്ച് ട്രയൽ റൺ നടത്തുന്ന തിയതിയോ സമയമോ നിശ്ചിയിച്ചിട്ടല്ല എന്ന ജില്ലാ കളക്ടർ അറിയിച്ചു.